


# ഉലിക



Assumption H S Palampra

# ആശംസ

വിജ്ഞാനം വിരൽത്തുമ്പിലെത്തിയിക്കുന്ന ഈ നാളുകളിൽ

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും പഠനപ്രക്രിയയിൽ

വലിയ പങ്കുവഹിക്കാൻ ഹൈടെക് ക്ലാസ്സ്മുറികളിൽ പഠനം സാധ്യമാക്കുന്ന കുട്ടികൾക്ക് അവരുടെ

പഠന പ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതിക വിദ്യാധിഷ്ഠിതമാക്കൻ ഐ.സി.ടി ഉപകരണങ്ങളിൽ

കൂടുതൽ പ്രാവിണ്യം നേടേണ്ടതുണ്ട്.ഇത് പ്രവർത്തികമാക്കാൻ

ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭങ്ങളുടെ നിർമാണത്തിലും സങ്കേതിക വൈദഗ്ധ്യം

നേടാനുള്ള മാർഗ്ഗമാണ് ലിറ്റിൽ കൈറ്റ്സ് നൽകുന്നത്.

നമ്മുടെ ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ ഏറെ

പുതുമ നിറഞ്ഞതാണ്. എല്ലാ അംഗങ്ങളുടേയും പങ്കാളിത്തം

ശ്രദ്ധേയമാണ്.വ്യത്യസ്തയാർന്ന വിഭങ്ങളോടെ തയ്യാറാക്കിയിരിക്കുന്ന ഈ

മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്കൂൾ ഹെഡ്മാസ്റ്റർ

ഫാ.സെബാസ്റ്റ്യൻ മംഗലം സി.എം.ഐ

# ഇതളുകളിലൂടെ

1) ലിറ്റിൽ കൈറ്റ്സ്
2) സിൻഡ്രല്ല
3) ഇതോ മാതൃത്വം.....
4) അമ്മ...
5) ഏകാന്തത...
6) സാമൂഹ്യപരിഷ്ക്കർത്താക്കളിലൂടെ
7) ഐക്യമാണ് ബലം
8) ചിലന്തി പഠിപ്പിച്ച പാഠം
9) ഓണം വന്നേ ....
10) വാർമഴവില്ല്
11) ശീലം
12) പ്രകൃതി...
13) സി.വി.രാമൻ
14) മലയാളം
15) നോബേൽ പുരസ്കാരം
16) കല്ല്
17) വീണ്ടും മൗഗ്ലി
18) വള്ളത്തോൾ കവിതകൾ
19) പ്രകൃതിയിലൂടെ......
20) സഹായം
21) കാലത്തിന്റെ സമ്മാനം
22) അമ്പാടിയിലേയ്ക്ക്
23) അമ്മ..
24) സ്വർണ്ണമീനും കാക്കയും

25) രാജാവും കള്ളനും

26) അറിയാം നിയോഗം

## ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാരംഗത്തെ തെല്ലൊന്ന് മാറ്റിമറിച്ചു.

ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടേയും സജ്ജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടു വന്നിട്ടുണ്ട്. സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണകരമായും സർഗ്ഗാത്മകമായും, പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ എന്ന ഐറ്റി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ നടപ്പിലാക്കി വരുന്നു.

2018 ജൂലൈ 4 ന് സി.റിനായുടെയും മെറീന ടീച്ചറിന്റെയും നേതൃത്വത്തിലാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി.കൂട്ടായ്മ നമ്മുടെ സ്കൂളിൽ ആരംഭം കുറിച്ചത്.ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായതിനാൽ ഞങ്ങൾക്ക് പരശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനം പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിച്ചത്.സാങ്കേതിക രംഗത്തെ വിവിധ മേഖലയിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് ഞങ്ങൾക്ക് അവസരം ലഭിച്ചു. ഞങ്ങൾക്കോരോരുത്തർക്കും തനിക്കു യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കിതരുന്നതിനായി വിവിധ മേഖലയിലെ പ്രായോഗികപരിശീലനം പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തി.ഗ്രഫിക്സ് ആന്റ് ആനിമേഷൻ, സ്ക്രച്ച് പ്രോഗ്രമിങ്,പൈത്തൺ പ്രോഗ്രാമിങ്,മൊബൈൽ ആപ്പ് നിർമാണം,മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും തുടങ്ങി വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ ഞങ്ങൾക്കു സാധിച്ചു.ആനിമേഷൻ സാങ്കേതികവിദ്യയുടെ അടിസ്ഥാനതത്ത്വത്തെക്കുറിച്ച് ധാരണനേടുന്നതിന്,ആനിമേഷൻ തയ്യാറാക്കുന്നതിനാവിശ്യമായ രൂപങ്ങൾ കഥാപാത്രങ്ങൾ എന്നിവ ഇൻക്സ്കേപ്പ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്നതിനുള്ള ശേഷിനേടുന്നതിനും,ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളേക്കുറിച്ചും,സൈബർ സുരക്ഷയേക്കുറിച്ചും,ലൂപ്പിങ് എന്ന ആശയം മനസ്സിലാക്കുന്നതിനും,സ്ക്രച്ച്

സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഗെയിം നിർമിക്കുന്നതിനും,പ്രോഗ്രാമിങ് അഭിരുചി വളർത്തിയെടുക്കുന്നതിനു ഒക്കെയുള്ള ധാരാളം അറിവുകൾ ഈ ഐ.ടി. കൂട്ടായ്മയിലൂടെ ഞങ്ങൾക്ക് നേടാനായി.ഈ പരിശീലന മൊഡ്യൂളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ ഒതുങ്ങാതെ നൂതനസാങ്കേതിക വിദ്യലോകത്ത് ഞങ്ങളെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്‌കൂൾതലപ്രവർത്തനങ്ങൾ കൂടുതൽ സർഗാത്മകമാക്കി.ഒപ്പം വിഭാവനം ചെയ്ത രീതിയിൽ സാങ്കേതികവിദ്യയിൽ വൈദഗ്ദ്യവും,അഭിരുചിയുമുള്ള ഒരു കൂട്ടായ്മയായി മാറാൻ ഈ ഐ.ടി. പ്രസ്ഥാനത്തിലൂടെ ഞങ്ങൾക്കു സാധിക്കുന്നു.

## സിൻഡ്രെല്ല

പണ്ടു പണ്ടൊരിടത്ത് ധനികനായ ഒരു വ്യാപാരി ജീവിച്ചിരുന്നു.പെട്ടെന്നൊരുന്നാൾ അയാളുടെ ഭാര്യക്ക് സുഖമില്ലാതായി. മാരകമായ എന്തോ രോഗം ബാധിച്ച അവർക്ക് തന്റെ അന്ത്യമടുത്തുവെന്ന് മനസ്സിലായി. അതുകൊണ്ട് അവർ തന്റെ ഏകമകൾ എല്ലയെ കിടക്കരുകിലേക്കു വിളിച്ചു."പൊന്നുമോളെ ,നല്ലവളും താഴ്മയുള്ളവളും ഭക്തിയുള്ളവളും ആയി വളർന്നുവരിക അങ്ങനെയായാൽ നല്ലവനായ ദൈവം നിന്നെ എപ്പോഴും കാത്തുകൊള്ളും.സ്വർഗത്തിൽ നിന്ന് അതെല്ലാം നോക്കി കൊണ്ട് എപ്പോഴും ഞാൻ നിന്റെ അടുത്തൊക്കെത്തന്നെ കാണും".അതുംപറഞ്ഞ് അവർ എന്നന്നേക്കുമായി കണ്ണുകളടച്ചു.അവരുടെ അതിസുന്ദരിയായ കുരുന്നിനെവിട്ട് യാത്രയായി.

എല്ലാ ദിവസവും തന്റെ അമ്മയുടെ കുഴിമാടത്തിലെത്തി അവൾ കണ്ണിർവാർക്കും അമ്മ പറഞ്ഞതുപോലെ അവൾ നല്ലവളും വിനയന്വിതയായി വളർന്നു.

'അങ്ങനെ മഞ്ഞുകാലം വന്നു'.മഞ്ഞിന്റെ നേർത്തപാളി കുഴിമാടത്തെ മൂടി.എന്നാൽ പിന്നീട് വന്ന വസന്തകാലസൂര്യൻ മഞ്ഞുപാളിയെ ഉരുക്കികളഞ്ഞപ്പോൾ എല്ലായുടെ അച്ഛൻ രണ്ടു പെൺമക്കളുള്ള മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചു.

പെൺമക്കളോടൊപ്പം രണ്ടാനമ്മ എല്ലയുടെ വീട്ടിലേക്കു പാർക്കാൻ വന്നു അവർ ഒരു പൊങ്ങച്ചക്കാരിയും വളരെ ദുഷ്ടസ്വഭാവമുള്ളവരും ആയിരുന്നു.അവരുടെ മക്കൾ ആകട്ടെ,സൗന്ദര്യവതികളും ആയിരുന്നുവെന്നാലും കപട്യമുള്ളവരും കറപിടിച്ച ഹൃദയമുള്ളവരും ആയിരുന്നു.അതോടെ പാവം എല്ലായുടെ ജീവിതത്തിലെ ചീത്തക്കാലം ആരംഭിക്കുകയായിരുന്നു.എല്ലാ വളരെ സുന്ദരിയായതുകൊണ്ട് രണ്ടാനമ്മയ്ക്കും മക്കൾക്കും അവളെ ഒട്ടുമെ ഇഷ്ടപെടാനായില്ല.

"ഈ പൊട്ടിപ്പെണ്ണിനേയും നമ്മോടൊപ്പം സൽക്കാരമുറിയിൽ ഇരുത്തണോ?"അവർ ചോദിച്ചു.

"അപ്പം തിന്നേണ്ടവർ തന്നത്താൻ പ്രയത്നിച്ച് കണ്ടെത്തിക്കോണം.നീ അടുക്കളപ്പണിയൊക്കെ ചെയ്തു അവടെങ്ങാനും ഇരുന്നുകൊള്ളു,"അവർ പറഞ്ഞു.

അവർ അവളുടെ നല്ലവസ്ത്രങ്ങളൊക്കെ കവർന്നെടുത്തു.എന്നിട്ട് അവൾക്ക് നരച്ച മെത്തവിരിപ്പും തടിച്ചെരുപ്പും കൊടുത്തു.




"ദാ അഹങ്കാരിയായ രാജകുമാരിയെ നോക്കിക്കെ !അവൾക്ക് വശിഷ്ടമായ വേഷഭൂഷാദികളാണെന്നോ!"അവർ അലറിവിളിച്ച അലറിചിരിച്ചുകൊണ്ട് അവളെ അടുക്കളയിലേക്ക് നയിച്ചു.അതോടെ അവളുടെ ജീവിതം അടുക്കളയിലായി.പകലന്തിയോളം കഠിനമായ

പണിതന്നെ.അതിരാവിലെ ഉണർന്ന് തീകത്തിക്കണം.എന്നിട്ട് ആഹാരം പാകം ചെയ്യണം.വെള്ളംകോരണം,നിലംതുടയ്ക്കണം എന്നു വേണ്ട ശ്വസം വിടാൻ പോലും സമയമില്ലാതെ പണിയെടുക്കണം.

ഇതുകൂടാതെ സഹോദരിമാർ അവളെ മാനസികമായി പീഡിപ്പിച്ചു. അവർ അവളെ എപ്പോഴും കളിയാക്കി. അടുപ്പിനരികെ ചാരക്കുനയിൽ ഒരു കീറത്തുണിയിൽ ആണ് അവൾക്ക് ഉറക്കം.അടുപ്പിലെ തീയില്ലാതെ കത്തുന്ന ചാരക്കുനയാണവൾക്ക് അൽപ്പമെങ്കിലും ചൂട് നൽകിയത്.ചാരത്തികിടന്ന എല്ലയെ അവർ സിൻഡ്രെല്ല എന്ന് വിളിച്ചു.

ഒരു ദിവസം അവളുടെ അചഛൻ മാർക്കറ്റിലേക്ക് പോയി. മടങ്ങിവരുമ്പോൾ എന്താണ് വേണ്ടതെന്ന് രണ്ടാനമ്മയുടെ മക്കളോട് ചോദിച്ചു. "നല്ലയുടുപ്പുകൾ,"ഒരാൾ പറഞ്ഞു."മുത്തുമാലകൾ,ആഭരണങ്ങളും രണ്ടാമത്തെ മകൾ പറഞ്ഞു."നിനക്കോ സിൻഡ്രെല്ലാ?നിനക്കെന്താണ വേണ്ടത്?"
"അചഛാ തിരികെ വരുമ്പോൾ അചഛന്റെതൊപ്പിയിൽമുട്ടുന്ന ആദ്യത്തെ മരക്കൊമ്പ് അടർത്തിക്കൊണ്ടു വരണം."രണ്ടാനമ്മയുടെ മക്കൾ ചിരിച്ചു ഇതുകേട്ട്.അയാൾ തിരികെ വന്നപ്പോൾ ഹേസൽ മരത്തിന്റെ ശിഖരം കൊണ്ടുവന്നു.വീട്ടിലെത്തിയപാടെ രണ്ടാം ഭാര്യയുടെ മക്കൾ ആവശ്യപ്പെട്ടതൊക്ക അയാൾ നൽകി.ഹേസൽ മരത്തിന്റെ കൊമ്പ് സിൻഡ്രെല്ലക്കും കൊടുത്തു.സിൻഡ്രെല്ല അചഛന് നന്ദി പറഞ്ഞുകൊണ്ട് അമ്മയുടെ കുഴിമാടത്തിനരുകിലേക്കു പോയി.അവൾ ആ കുഴിമാടത്തിനരുകിൽ ആ മരക്കൊമ്പ് കുഴിച്ചുവെച്ചു.അവൾ വീഴ്ത്തിയ കണ്ണീർ ഒഴുകിപ്പരന്ന് ആ ശിഖരത്തെ മുഴുവൻ നനച്ചു അത് വളർന്നുവളർന്ന് ഒത്തൊരു മരമായി.

ദിവസം മൂന്നു പ്രാവശ്യമെങ്കിലും സിൻഡ്രെല്ല അതിനരികിൽ പോയിരുന്നു കണ്ണീരൊഴുക്കി പ്രാർത്ഥിക്കും.ഒരുനാൾ ഒരു വനദേവത രണ്ടു പ്രാവുകളുമായി ആ മരത്തിനരികിൽ നിന്ന സിൻഡ്രെല്ലയുടെ അരികിൽ വന്നു.
"കരയേണ്ട മകളെ ,നീ ആഗ്രഹിക്കുന്നതെന്തും ഞാൻ നിനക്കു നൽകാം."വനദേവത അവളെ സമാധാനിപ്പിച്ചു.ഒന്നിനു പുറകേ ചില വർഷങ്ങൾ കടന്നുപോയി.സിൻഡ്രെല്ല അതിമനോഹരിയായി വളർന്നു.രണ്ടാനമ്മയ്ക്കും മക്കൾക്കും അവളോട് അസൂയകൂടി വന്നു.അതുകൊണ്ട് അവർ അവളോട് ക്രൂരമായി പെരുമാറി.

ഒരു ദിവസം ആ രാജ്യത്തെ രാജാവ് ഒരു വലിയ വിരുന്നു സൽക്കാരം നടത്തുന്നതായി പ്രഖ്യാപിച്ചു.അതിലേക്ക് സുന്ദരികളായ എല്ലാപെൺകുട്ടികളേയും അദ്ദേഹം ക്ഷണിച്ചു.വിരുന്നിനും നൃത്തത്തിനും പങ്കെടുക്കുന്ന പെൺകുട്ടികളിൽ നിന്നും ഒരു വധുവിനെ രാജകുമാരൻ സ്വയം തിരഞ്ഞെടുക്കാനായിരുന്നു ആ വിരുന്ന് ഒരുക്കിയത്.ഈ വിളംബരം കേട്ട് നാട്ടിലുള്ള എല്ലാവർക്കും അതിയായ സന്തോഷം ആയിരുന്നു.അവരുടെ വീടുകളിലൊക്കെ സന്തോഷവും ഉത്സാഹവും തിരയടിച്ചു.



സിൻഡ്രെല്ലയുടെ സഹോദരിമാരും തകർത്തു തുടങ്ങി. പുതിയ ഉടുപ്പുകളും മേൽക്കുപ്പായങ്ങളും ചെരിപ്പുകളും തിരഞ്ഞെടുക്കുന്ന തിരക്കിലാണ്.പുതിയ ആഭരണങ്ങൾ വാങ്ങാൻ
തിടുക്കപ്പെട്ടിറങ്ങി.അവർ സിൻഡ്രെല്ലായോട് പറഞ്ഞു."വരൂ....വന്നു ഞങ്ങളെ സഹായിക്കു."സിൻഡ്രെല്ലെയും വിരുന്നിൽ പങ്കെടുക്കണമെന്ന് വളരെ ആഗ്രഹിച്ചു.പക്ഷേ,അവർ അതിനു സമ്മതിക്കില്ലന്ന് അവൾക്ക് അറിയാമായിരുന്നു.അതുകൊണ്ട് കണ്ണീരടക്കി അവൾ അവർ പറഞ്ഞത് അനുസരിച്ചു.

എന്റെ മക്കളിൽ ഒരാളെ രാജകുമാരൻ വിവാഹം കഴിക്കും എനിക്ക് ഉറപ്പുണ്ട്,രണ്ടാനമ്മ പറഞ്ഞു.അവസാനം രാജകീയ വിരുന്നിന്റെ ദിനം വന്നു.ഒരുങ്ങാൻ അവരെ സഹായിച്ചു.അവരെ കൂടുതൽ അഴകുള്ളതാക്കാൻ അവൾ കഴിവിന്റെ പരമാവധി സഹായിച്ചു.അവർ സിൻഡ്രെല്ലയേ ശാപവാക്കുകൾ കൊണ്ട് പൊതിയുകയാണ് ചെയ്തത്.

അവരുടെ കൂടെ പോകാൻ തന്നെയും അനുവധിക്കണമെന്ന് അവൾ രണ്ടാനമ്മയോട് കെഞ്ചി."ഇല്ല സിൻഡ്രെല്ല,നിന്നെ വിടില്ല.നിന്റെ മേലാകെ പൊടിയും ചെളിയുമാണ്.എങ്ങനെ നൃത്തം ചെയ്യണമെന്ന നിനക്ക് അറിയില്ല."സിൻഡ്രെല്ലാ വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടേയിരുന്നു.അവസാനം രണ്ടാനമ്മ പറഞ്ഞു:"ഞാൻ നിനക്കുവേണ്ടി കുറച്ചു പയർ ചാരത്തിലിട്ടുവെച്ചിട്ടുണ്ട്. രണ്ടുമണിക്കൂറിനകം നീ അത് വേർതിരിച്ചാൽ ഞങ്ങളോടൊപ്പം പോരാം."അവൾ പുറകിലത്തെ വാതിലിലൂടെ തോട്ടത്തിലേക്കിറങ്ങി.ഹേസൽ മരത്തിന്റെ ചുവട്ടിലിരുന്ന് മനം നൊന്തു കരഞ്ഞു.അവളുടെ തലത്തൊട്ടമ്മയായ വനദേവത അവിടേക്ക് വന്നു.സിൻഡ്രെല്ല അവരോട് എല്ലാം പറഞ്ഞു.വനദേവത ഉറക്കെ വിളിച്ചു:

" ഇണക്കമുള്ള പ്രാവുകളെ,
മാടപ്പിറാവുകളുകളേ,
വരൂ.....വരൂ.....നിങ്ങൾ വരൂ.....
പയർ പൊറുക്കി സഹായിക്കൂ....
സിൻഡ്രെല്ലായെ സഹായിക്കൂ....
നല്ലതെല്ലാം കുടത്തിലാക്കൂ....
ചീത്തയെല്ലാം തൊടിയിലേക്കും.,,

പെട്ടെന്ന് രണ്ടു പ്രാവുകൾ അടുക്കളയിലെ ജാലകത്തിലൂടെ പറന്നു വന്നു.അവയെല്ലാം ചാരത്തിലേക്ക് പറന്നിറങ്ങി.തുടർന്ന് അവ അത് പെറുക്കിയെടുത്തു.ചീത്ത തൊടിയിലേക്കും കളഞ്ഞു.അവൾ ആ പയറുമായി രണ്ടാനമ്മയുടെ അടുത്തേക്കു ചെന്നു.അവർ പറഞ്ഞു:പറ്റില്ല സിൻഡ്രെല്ല നിനക്ക് ഉടുപ്പുകളൊന്നുമില്ല.തന്നെയുമല്ല,നിനക്ക് നൃത്തം ചെയ്യാനറിയില്ല.എല്ലാരും നിന്നെ കളിയാക്കും .അതുകേട്ട് സിൻഡ്രെല്ല കരയാൻ തുടങ്ങി .ഇതും പറഞ്ഞ് അവർ രഥത്തിൽ കേറിപ്പോയി.ഇതു കണ്ടവൾ ദുഃഖം സഹിക്കാനാകാതെ അമ്മയുടെ കുഴിമാടത്തിനരികിൽ പോയിരുന്നു കരഞ്ഞു.പെട്ടെന്ന് അവൾ പുറകിൽ നിന്നൊരു ശബ്ദം കേട്ടു.തിരിഞ്ഞു നോക്കിയപ്പോൾ തന്റെ കാവൽ ദേവതയെ കണ്ടു.ദേവത ചോദിച്ചു:നീ എന്തിനാണ് കരയുന്നത്.അവൾ പറഞ്ഞു:എനിക്ക് ആ വിരുന്നിന് പോകണം ദേവത പറഞ്ഞു ,"നിനക്കു പോകാം പക്ഷേ,ഞാൻ പറയുന്നത് എല്ലാം നീ കേൾക്കണം. നീ പോയി അവിടെയുള്ള വലിയ മത്തങ്ങ പറിച്ചെടുത്ത് കൊണ്ടു വരിക,"ദേവത പറഞ്ഞത് അവൾ അനുസരിച്ചു.മത്തങ്ങ മുറിച്ച് അതിലുള്ളതെല്ലാം ചൂഴ്ന്ന് പറെത്തെടുത്തു.എന്നിട്ട് മാന്ത്രികദണ്ഡ് ചലിപ്പിച്ചു.പെട്ടെന്നു തന്നെ അത് ഒരു സ്വർണ്ണരഥമായി മാറി.



ദേവത വീണ്ടും ഒത്തിരി സാധനം ആവശ്യപ്പെട്ടു അവളത് അനുസരിച്ചു.പിന്നീടവൾ ഒരു രാജകുമാരിയുടെ വേഷം ധരിച്ചു.കൊട്ടാരത്തിലേക്കു പോയി.രാജകുമാരനുമായി നൃത്തം ചെയ്തു.രാജകുമാരന് അവളെ ഒരുപാട് ഇഷ്ടമായി.അവൾ പെട്ടെന്ന് ദേവത പറഞ്ഞ കാര്യം ഓർത്തു,"നിനക്ക് തന്നിരിക്കുന്ന സമയം പന്ത്രണ്ടുമണിവരെയാണ്."പെട്ടെന്നവൾ കൊട്ടാരത്തിന്റെ വെളിയിലേക്ക് ഓടി.ഓടുന്നതിനിടയിൽ അവളുടെ ഒരു ഷൂ കാലിൽ നിന്ന് ഊരിപ്പോയി.ഇത് രാജകുമരന്റെ കൈയിൽ ലഭിച്ചു.സിൻഡ്രെല്ലായെ തേടി രാജകുമാരൻ എല്ലാവീടുകളിലും കേറിയിറങ്ങി.അവസാനം സിൻഡ്രെല്ലായുടെ വീട്ടിലെത്തി. രണ്ടാനമ്മ അവരെ അകത്തേക്കു ക്ഷണിച്ചു.തന്റെ രണ്ടു പെൺമക്കളുടെയും



കാലുകളിൽ ഷൂ അണിച്ചു പക്ഷേ അവർ അതു പാകമായിരുന്നില്ല.അപ്പോൾ മുകളിൽ നിന്ന് ഒരു ഗാനം കേട്ടു. അത് ആരാണെന്ന് കുമാരൻ അന്വേഷിച്ചു.അപ്പോൾ രണ്ടാനമ്മ പറഞ്ഞു:"ഞങ്ങളുടെ വേലക്കാരിയാണത്".കുമാൻ അവളെ കൊണ്ടുവരാൻ ആജ്ഞാപിച്ചു.സിൻഡ്രെല്ലായെ വിളിച്ചുകൊണ്ടുവന്ന് അവളുടെ കാലുകളിൽ ഷൂ അണിയച്ചു.അവൾ അത് പാകമായരുന്നു.കുമാൻ അവളെയും കൂട്ടി രഥത്തിൽ കേറി കൊട്ടാരത്തിലേക്കു പോയി.പിന്നീട് അവർ സന്തോഷത്തോടെ കഴിഞ്ഞു.

അന , മിന്നു.

# ഇതോ മാതൃത്വം.....?



ആരോ ഉപേക്ഷിച്ചു ഈ വഴിത്തായിൽ
ഏങ്ങലടിച്ചു കരയും കുഞ്ഞോ
നിൻ ഓമലാം മുഖമൊട്ടും കനിവുതോന്നാത്ത
ഒരു മാതൃത്വം ?

ദുഷ്ടനാം ഘാതകൻ പോലും അലിയുന്ന
ഈറൻ മിഴികളെ........
ഇത്തിരി പോലും അലിവുതോന്നാത്തൊരു
ഹീനയാം സ്ത്രീയെ നീ ഓർത്തീടുക.

മാതൃത്വമെന്നൊരു വാക്കിൻ അർത്ഥമോ
ഭൂമിദേവിയിൽ തുടങ്ങീടുന്നു.
തന്നുടെ ജീവനെക്കാൾ കാണുന്നു മാതാവ്
തൻ കുഞ്ഞിനെ........

അപർണ്ണ എ.ബി

# അമ്മ

ദൈവം ആരാണെന്ന് എനിക്ക് പറഞ്ഞു തന്ന അമ്മ.

എന്നെ വഴി നടത്തിയ അമ്മ.

എൻ പരാജയങ്ങളിൽ തളരാതെ

പിടിച്ച നിർത്തിയ എൻ അമ്മ.

അമ്മ എന്ന രണ്ടക്ഷരങ്ങളിൽ

സ്നേഹം നിറഞ്ഞുനിൽക്കുന്നു.

ശാസിക്കാനും ശിക്ഷിക്കാനും അധികാരമുള്ള എൻ അമ്മ.

തൻ കരുതൽ എല്ലായിടത്തും നല്കാൻ വേണ്ടി ദൈവം അമ്മയെ നല്കി.

ദൈവം എനിക്കു തന്ന വിലയേറിയ സമ്മാനമാണ് എൻ അമ്മ.

അമ്മയില്ലാത്ത ജീവിതം എനിക്കില്ല.അമ്മയുടെ സ്നേഹമാണ് എൻ ജീവിതം.

എന്തു ഞാൻ പകരം നൽകും എന്നമ്മയ്ക്ക് ?

ഈ ജന്മം മുഴുവൻ ഞാൻ എൻ അമ്മയ്ക്കായ് ജീവിക്കും.

എൻ ജീവൻ എൻ അമ്മയ്ക്കായ് നൽകും.അമ്മയില്ലാത്ത ജീവിതം

ശൂന്യമാണ്. അമ്മേ എന്ന വിളി

കേൾക്കാൻ ആരുമില്ലാത്ത അവസ്ഥയാണ് മനുഷ്യജീവിത്തിലെ ദയനീയാവസ്ഥ.

എന്തു ഞാൻ പകരം നൽകും എന്നമ്മയ്ക്കായ് ?

എൻ ജീവിതം തന്നെ എനിക്ക്

നൽകാനുള്ള.
എൻ ദുഃഖങ്ങളിൽ എന്നും കൂട്ടായി നിൽക്കുന്ന എന്നമ്മ.
അമ്മ എന്ന വാക്കിൽ മാനവികതയുടെ മഹത്വം നിറഞ്ഞു നിൽക്കുന്നു.

## ഏകാന്തത

നിറം മങ്ങി അലയുന്ന സായാഹ്നത്തിൽ

കാറ്റിൻ ദിശയേ ഞാൻ തേടിനിന്നു

ഒരു ചെറുതണലിൽ ഉന്നീർപ്പിലും

അലയുന്ന എൻ മനം തപിക്കുന്നു

മനസ്സിൽ മാന്ത്രിക വലയത്തിലും

ശൂന്യതമെല്ലെയെന്നിൽ പടരുന്നു

ആകാശം തുവെള്ള മറയ്ക്കുന്നുവോ

പൊയ്മുഖമണിഞ്ഞൊരു ആരണ്യമായ്

സ്നേഹത്തിൻെറ ചൈതന്യം ഒളിമങ്ങി

വാനമേകാന്തത തൻ പുതപ്പണിഞ്ഞു

മനസ്സിൽ ദർപ്പണം തകരുന്നു

ഇരുളിൽ കാർമേഘം പടരുന്നു

കാറ്റിൽ വേഗതയിൽ ധൂളിതൻ

നൊമ്പരക്കയമൊന്നു മാഞ്ഞീടുന്നു....

ജീവിത സാഗരയാത്രയിലും ഞാൻ

തിരിഞ്ഞെൻ നഷ്ടങ്ങൾ കുറിച്ചീടുന്നു...

ആരും പറയാതെ മൗനം ചാലിച്ച ഞാനൊരു

നേർത്ത പിൻവിളിയായി കാതോർത്തു

വെയിലുമറിഞ്ഞില്ല നിഴലുമറിഞ്ഞില്ല

അലയുന്ന കാററിൻ നൊമ്പരങ്ങൾ ...

# സാമൂഹ്യപരിഷ്കർത്താക്കളിലൂടെ

## രാജാ റാം മോഹൻ റോയ്

പാശ്ചാത്ത്യവിദ്യാഭ്യാസം നേടിയ രാജാറാം മോഹൻറോയ് ഇന്ത്യയിലെ നിലനിന്നിരുന്ന പല അനാചാരങ്ങളും ശക്തമായി എതിർത്തു.അദ്ദേഹം സതി,ശൈശവവിവാഹം എന്നീ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തി.ബ്രിട്ടീഷ്ഗവർണർ ജനറൽ ആയിരുന്ന വില്യം ബെൻറിക് പ്രഭു ആണ് സതി നിരോധിച്ചത്. ഇതിന് പ്രധാന കാരണം രാജാറാം മോഹൻ റോയിയുടെ പ്രവർത്തനങ്ങളായിരുന്നുതന്റെആശയങ്ങൾപ്രചരിപ്പിക്കാനായി ബ്രഹ്മസമാജം എന്ന സംഘടന സ്ഥാപിച്ച അദ്ദേഹം അടിസ്ഥാനപരമായി എല്ലാ മതങ്ങളും ഒന്നാണെന്നുള്ള പൊതു സന്ദേശം പ്രചരിപ്പിച്ചു.'ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ് 'എന്നാണ് രാജാറാം മോഹൻ റോയ് അറിയപ്പെട്ടിരുന്നത്



## സ്വാമി ദയാനന്ദ സരസ്വതി

ജ്യാതിവ്യവസ്ഥയേയും വിഗ്രഹാരാധനയേയും എതിർത്ത നവോത്ഥാന നായകനാണ് സ്വാമി വിവേകാനന്ദ സരസ്വതി.ഈ ലക്ഷ്യത്തിനുവേണ്ടി അദ്ദേഹം ആര്യസമാജം എന്ന സംഘടന രൂപീകരിച്ചു. 'വേദങ്ങളിലേക്കു മടങ്ങുക'എന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

## ജോതിറാവു ഫുലെ

ജോതിറാവു ഫുലെ വിധവകളുടെ വിവാഹത്തെ പ്രോത്സാഹിപ്പിച്ചു ജാതിവ്യവസ്ഥയെ എതിർക്കുകയും ചെയ്തു




പന്ത്രണ്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകണമെന്ന് വാദിച്ച അദ്ദേഹം അധഃസ്ഥിത വിഭാഗക്കാരുടെയും സ്ത്രീകളുടെയും വിദ്യഭ്യാസത്തിന് പ്രാമുഖ്യം നൽകി. ഈ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഫുലെ സ്ഥാപിച്ച സംഘടനയാണ് സത്യശോധക് സമാജ്.

## സർ സയ്യ്ദ് അഹമ്മദ് ഖാൻ

മുസ്ലീങ്ങൾക്കിടയിൽ ആധുനിക വിദ്യാഭ്യാസത്തിന് പ്രചാരം നൽകിയ അഹമ്മദ് ഖാൻ,മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ചു.ഇതാണ് പിന്നീട് പ്രസിദ്ധമായ അലിഗഡ് മുസ്ലീം സർവകലാശാലയായി മാറിയത്.ഹിന്ദു-മുസ്ലീം ഐക്യത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു:'ഹിന്ദുവും മുസ്ലീമും ഇന്ത്യയുടെ വായു ശ്വസിച്ച് ഗംഗയുടെയും യമുനയുടെയും ജലം പാനം ചെയ്ത് ജീവിക്കുന്ന നാം രണ്ടും ഇന്ത്യക്കാരുടെ മണ്ണിൽ ഉൽപ്പാദിപ്പിക്കുന്നത് ഭക്ഷിച്ചും ജീവിതത്തിലും മരണത്തിലും നാം ഒന്നിച്ചാണ്'

സ്വാമി വിവേകാനന്ദൻ



ജാതീയമായ ഉച്ചനീചത്ത്വങ്ങളെ എതിർക്കുകയിം സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു പരിഷ്കർത്താവായിരുന്ന സ്വാമി വിവേകാനന്ദൻ. വിശ്വസാഹോദര്യത്തിന് ഊന്നൽ നൽകിയ അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടു:"മഹത്തായ രണ്ട് വ്യവസ്ഥകളായ ഹൈന്ദവതയുടേയും ഇസ്ലാമികതയുടെയും കൂടിച്ചേരലുകളാണ്

നമ്മുടെ മാതൃരാജ്യത്തിന്റെ ഏക പ്രതീക്ഷ "ശ്രീരാമ പരമഹംസനായിരുന്ന സ്വാമി വിവേകാനന്ദന്റെ ഗുരു. ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിവേകാനന്ദൻ സ്ഥാപിച്ച സംഘടനയാണ് രാമകൃഷ്ണ മിഷൻ.

കഥ

## ഐക്യമാണ് ബലം

ഒരിക്കൽ ഹരിയാനയിൽ കടുത്ത വരൾച്ചയും ക്ഷാമവും ഉണ്ടായി. ആൾക്കാർ തൊഴിലിനായി മറ്റിടങ്ങളിലേക്ക് പോയി. സ്വരണം തന്റെ കുടുംബവുമായി നാടുവിടാൻ നിശ്ചയിച്ചു. അയാൾ തന്റെ നാലു മക്കളേയും അവരുടെ ഭാര്യമാരെയും കൂട്ടി യാത്രയായി. ഉച്ചയായപ്പോൾ അവർ ഒരു ഗ്രാമത്തിന്റെ അതിർത്തിയിൽ എത്തി. അവർ അവിടെ ഒരു മരത്തിന്റെ ചുവട്ടിൽ ഭാണ്ഡങ്ങൾ ഇറക്കി വച്ചു. ക്ഷീണം മാറിയപ്പോൾ സ്വരൺ തന്റെ മക്കൾക്കു നിർദേസം നൽകി.

“ഒരാൾ പോയി ഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങിക്കൊണ്ടു വരണം. പച്ചക്കറി വാങ്ങാൻ രണ്ടാമത്തെ ആൾ പോകട്ടേ. മൂന്നാമത്തെ ആൾ താമസിക്കുവാൻ പറ്റിയ നല്ല സ്ഥലം കണ്ടുപിടിക്കണം. നാലുമത്തേ ആൾ കയർ പിരിക്കാൻ പണം വാങ്ങിക്കോണ്ട് വരണം.”

എല്ലാവരും സ്വരണിന്റെ നിർദ്ദേശം അനുസരിച്ചു. അയാൾ മരുമക്കൾക്കും ഓരോ ജോലി കൊടുത്തു. അവരെല്ലാം ജോലികളിൽ വ്യാപൃതരായി. അതിനു ശേഷം അയാൾ തണലിൽ ഇരുന്നു ചണം കൊണ്ട് കയർ പിരിക്കാൻ തുടങ്ങി. ആ മരത്തിൽ ഇതെല്ലാം കണ്ടു കൊണ്ട്  ഒരു ഭൂതം ഇരിപ്പുണ്ടായിരുന്നു. ഭൂതം താഴെ വന്ന് സ്വരണിനോട് ചോദിച്ചു:

“നിങ്ങൾ എന്താണു ചെയ്യുന്നത്

ശ്രീമയി , ഫരീദ 9B

## ചിലന്തി പഠിപ്പിച്ച പാഠം



*പണ്ട്, വളരെ പണ്ട് നടന്ന ഒരു കഥയാണിത്.*

*സ്കോട്ട്ലൻഡ് എന്ന ഒരു രാജ്യം .*

*അവിടത്തെ രാജാവായിരുന്നു റോബർട്ട് ബ്രൂസ്. ധീരനും രാജ്യസ്നേഹിയുമായ ബ്രൂസിനെ ജനങ്ങൾ രാജാവായി സ്വീകരിക്കുകയായിരുന്നു .*

*ഇംഗ്ലണ്ട് ഭരിച്ചിരുന്ന എഡ്വേർഡ് രാജാവിന് ബ്രൂസിനോട് ശത്രുത തോന്നി . ഒരു വലിയ സൈന്യത്തിന്റെ സഹായത്തോടെ അദ്ദേഹം ബ്രൂസിനെ പരാജയപ്പെടുത്തി . അങ്ങനെ ബ്രൂസിന് ഒളിവിൽ കഴിയേണ്ടിവന്നു. ഒരു വലിയ വനത്തിലായിരുന്നു താമസം .*

*ദിവസങ്ങളും മാസങ്ങളും കടന്നുപോയി . ബ്രൂസിന് നിരാശ തോന്നി . തണുപ്പുകാലം വന്നതോടെ അദ്ദേഹം ആകെ കുഴങ്ങി . കൂടെയുണ്ടായിരുന്ന പലരും പിരിഞ്ഞുപോയി . ഇനി എന്തു ചെയ്യും ? ശത്രുക്കൾക്കു കീഴടങ്ങിയാലോ . എല്ലാ ആശകളും കൈവിട്ട ബ്രൂസ് ഒരു ഗുഹയ്ക്കുള്ളിൽ വിഷമിച്ചിരുന്നു. ബ്രൂസിന്റെ കണ്ണുകൾ ഗുഹയുടെ മൂലയിൽ വല കെട്ടിക്കൊണ്ടിരുന്ന ഒരു ചിലന്തിയിൽ പതിഞ്ഞു . കൗതുകത്തോടെ അദ്ദേഹം അതുനോക്കിക്കൊണ്ടിരുന്നു .*

*പലവട്ടം ശ്രമിച്ചിട്ടും ചിലന്തിക്ക് വല ഗുഹയുടെ മറ്റേ മൂലയിൽ ഉറപ്പിക്കാൻ കഴിഞ്ഞില്ല . ഓരോ പ്രാവശ്യം പരിശ്രമം തുടർന്നുകൊണ്ടിരുന്നു . ഒന്ന്, രണ്ട്, മൂന്ന്... ബ്രൂസ് എണ്ണിക്കൊണ്ടിരുന്നു . ഒടുവിൽ ഏഴാംതവണ ചിലന്തി അതിന്റെ ലക്ഷ്യത്തിലെത്തി . ബ്രൂസിന് ഇതുകണ്ട് ഒരു ഉണർവുതോന്നി .*

*എത്ര പരിശ്രമിച്ചിട്ടാണ് ചിലന്തി ലക്ഷ്യത്തിലെത്തിയത്. പലവട്ടം പരാജയപ്പെട്ടിട്ടും അതു പിന്മാറിയില്ല . അത് ബ്രൂസിന് ഒരു വലിയ പാഠമായിരുന്നു . ആറുതവണ എഡ്വേർഡിനോട് പരാജയപ്പെട്ട ബ്രൂസ് ഉന്മേഷവാനായി ചാടിയെഴുന്നേറ്റു .*

*വലിയ ഒരുസൈന്യം സംഘടിപ്പിച്ച് അദ്ദേഹം സ്വന്തം രാജ്യത്തെ യുദ്ധത്തിലൂടെ തിരിച്ചുപിടിച്ചു .*

## ഓണം വന്നേ ...

പൊന്നോണം വന്നുകഴിഞ്ഞു
പഞ്ഞം പോയി ഓടിമറഞ്ഞു
മാവേലി വിരുന്നു വരാനായ്
ഉത്രാടപ്പൂ വിരിയുന്നു



പുന്നെല്ലും ചുണ്ടിൽ കൊത്തി
പായുന്നേ ചെല്ലക്കിളികൾ..
തെങ്ങോലയിലോലേഞ്ഞാലി
തുള്ളാട്ടം തുടരുന്നല്ലോ..
പൊന്നോണ നിലാവത്തെങ്ങും
തിരുവാതിര മേളംകേട്ടോ..
പൊന്നോണച്ചന്തയിലെല്ലാം
കാഴ്ചനികൾ വന്നുനിരന്നേ..
വേദനകൾക്കവധികൊടുത്ത്
വന്നാട്ടെ ഓണം കൊള്ളാൻ

-ചേപ്പാട് ഭാസ്കരൻ നായർ

## വാർമഴവില്ല്

വാർമഴവില്ലേ വന്നാലും
വാനിൻ മടിയിലിരുന്നാലും
കൺകുളിരുന്നു കാണുമ്പോൾ
കരൾ നോവുന്നു മായുമ്പോൾ
ആരുനിനക്കീ നിറമേകി
ആരുനിനക്കീ നിലനൽകി
എന്നെക്കൂടി വിളിക്കാമോ
നിന്നുടെ അരികിലിരുത്താമോ
വാർമഴവില്ലേ മായല്ലേ
അഴകിൻ തെല്ലേ പോകല്ലേ

-ജി. ശങ്കരകുറുപ്പ്

# ശീലം

ഒരിക്കൽ സോമൻ ശ്മശാനത്തിലൂടെ നടന്നുപോവുകയായിരുന്നു . രാത്രി നേരം . ആ സമയം അകലേ നിന്നു ചിലർ കുതിരപ്പുറത്ത് വരുന്നത് സോമൻ കണ്ടു .അവർ കൊള്ളക്കാരായിരിക്കും . അയാൾ സംശയിച്ചു . രക്ഷപ്പെടാനായി സോമൻ വഴി തേടി .അയൾ വേഗം അടുത്തുള്ള ഒരു ശവക്കുഴിയിൽ ഒളിച്ചിരുന്നു . ശവക്കുഴിയിൽ ആരുടെയോ തലകണ്ട് കുതിരപ്പുറത്തിരുന്നവരിൽ ഒരാൾ അലറി . ആരാണവിടെ ?

തന്നെ കണ്ടുപിടിച്ചു എന്നു അയാൾ മനസ്സിലാക്കി .

ഓ , മരിച്ചുപോയ മനുഷ്യരിൽ ഒരുത്തനാണെ ! അയാൾ ഉറക്കെ വിളിച്ചു പറഞ്ഞു .

എന്നിട്ട് ആ തല പുറത്തു കണ്ടല്ലോ ! കുതിരക്കാരിൽ ഒരാൾ സംശയത്തോടെ ചോദിച്ചു . അത് ഞാൻ തലപോക്കി പുറത്തേക്കു നോക്കിയതാണ് , അയാൾ പറഞ്ഞു .

അതെന്തിനാണ് ??

കുറച്ചു ശുദ്ധവായു ശ്വസിക്കണമെന്നു തോന്നി. കുഴിയിലെ വായു ശരിയല്ല... സോമൻ മറുപടി പറഞ്ഞു .

ങേ, മരിച്ചു പോയ ആളിനു ശുദ്ധവായു വേണോ???

കുതിരപ്പുറത്തു യാത്ര ചെയ്യുവൻ ചോദിച്ചു .

ഓ , അതു ശരിയാണല്ലോ .മരിച്ചിട്ട് അധികം നാളായില്ല . അതുകൊണ്ട് എല്ലാം ശീലമായിട്ടില്ല . എനിക്കു തെറ്റിപ്പോയി . ഇങ്ങനെ പറഞ്ഞ് അയാൾ കുഴിയിലേക്കുതന്നെ വലിഞ്ഞു .

കുതിരക്കാർ വേഗം കുതിരയേയും കൂട്ടി അവിടെ നിന്നും രക്ഷപ്പെട്ടു..................

## പ്രകൃതി

മലയാളിതൻ മനസിൽ നിറഞ്ഞു കവിയുന്ന പുഴയാണ് പ്രകൃതി
പ്രകൃതി തൻ മാറിൽ മലയാളിതൻ അഭിമാനം കുടികൊള്ളുന്നു
പച്ചിലച്ചാർത്തിൽ വിടവിലൂടെ പ്രഭാതത്തിൽ എത്തിനോക്കുന്ന സൂര്യനും
സ്വരങ്ങൾകൊണ്ട് നൃത്തമാടുന്ന കിളികളും കണ്ണിന് കുളിർമയേകും
മരങ്ങളും ചെടികളും പൂക്കളും പുഴകളും
പ്രകൃതിയുടെ അവർണ്ണനീയമായ ശോഭ വെളിവാക്കുന്നു
എങ്കിലും പ്രകൃതിതൻ നിസഹായവസ്ഥ മലയാളിയെ നാണംകെടുത്തുന്നു
പ്രകൃതിതൻ മാധുര്യം നുണഞ്ഞിരുന്നവർക്കായി
പ്രകൃതി തൻ മാധുര്യം ഇപ്പോഴും നൽകിടുന്നു.

# ശ്രീനിവാസ രാമാനുജൻ

പ്രശസ്ത ഭാരതീയ ഗണിതശാസ്ത്രപ്രതിഭയായ ശ്രീനിവാസ രാനാനുജന്റെ ജന്മദിനം ഡിസംബർ -22 ന് ആണ് . ദേശീയ ഗണിതശാസ്ത്രദിനമായാണ് അന്നേ ദിവസം ഇന്ത്യയിൽ ആചരിക്കുന്നത്.



തമിഴ്നാട്ടിലെ കുംഭകോണത്താണ് അദ്ദേഹം ജനിച്ചത്. തീരെ ദരിദ്രമായ കുടുംബത്തിൽ പിറന്ന അദ്ദേഹം ഒരു ക്ലാർക്കായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഹരോൾഡ് ഹാൻഡി എന്ന ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനാണ് അദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾ ശാസ്ത്രലോകത്തിന് പരിചയപ്പെടുത്തിയത്.

അനഘ സജീവ്

## മലയാളം



അമ്മയാണ് എൻ മലയാളം
മണ്ണാണ് എൻ മലയാളം
കൗതുകമുണർത്ത ഭാഷയാണ്
കേരളനാടിൻ അഭിമാനമാണ്,
എൻ സിരകളിലെ രക്തമാണ്
എൻ മലയാളം. അല്ലയോ
മലയാളമേ നീ എത്ര സുന്ദരിയാണ്,
മലയാളമെ നിൻ സൗന്ദര്യത്തെ
വർണിച്ച് എത്രയോ കവികളാണ്
അവരുടെ ളുലിക ചലിപ്പിക്കുന്നത്.
മലയാളമെ നിൻ മാതൃക എന്നിൽ അലിയുന്നു,
നീ എൻ അഭിമാനമാണ്,എൻ അമ്മതൻ
മലയാളമെ........

അമ്മയാണ് എൻ മലയാളം....
മണ്ണാണ് എൻ മലയാളം.....
കൗതുകമുണർത്തുന്ന ഭാഷയാണ്......
കെരളനാടിൻ അഭിമാനമാണ്.......

## നൊബേൽ പുരസ്കാരം

- ഏറ്റവും പ്രായം കുറഞ്ഞ നൊബേൽ പുരസ്കാര ജേതാവ് മലാല യൂസഫ് സായി ആണ്.
- 18-ാം വയസ്സിലാണ് അവൾ സമാധാനത്തിനുള്ള പുരസ്കാരം നേടിയത്.
- റെഡ്ക്രോസ് സൊസൈറ്റിക്ക് മൂന്നു തവണ സമാധാനത്തിനുള്ള സമ്മാനം ലഭിച്ചിട്ടുണ്ട്
- നൊബേൽ ഫൗണ്ടേഷൻ എന്നത് 1900-ൽ സ്വീഡനിൽ സ്ഥാപിക്കപ്പെട്ട ഒരു സ്വകാര്യ പ്രസ്ഥാനമാണ്. അവരാണ് നൊബേൽ പുരസ്കാരം നൽകുന്നത്.
- നൊബേൽ സമ്മാനം നേടിയ ആദ്യവനിത മേരി ക്യൂറിയാണ്.
- 1903-ലും 1911-ലും രണ്ടു തവണ നൊബേൽ സമ്മാനം നേടി.
- ഗീതാഞ്ജലി എന്ന കാവ്യ സമാഹാരത്തിനാണ് 1913-ലെ നൊബേൽ സമ്മാനം കിട്ടിയത്.
- രവീന്ദ്രനാഥ ടാഗോറാണ് കർത്താവ്.നൊബേൽ പുരസ്കാരം നേടുന്ന ആദ്യത്തെ ഏഷ്യക്കാരൻ അദ്ദേഹമാണ്.

# കല്ല്

പ്രസിദ്ധനായ യവന പണ്ഡിതനായിരുന്നു ഡയോജനിസ്.ഒരിക്കൽ അദ്ദേഹം ഗ്രീസിലെ തെരുവിൽക്കൂടി സഞ്ചരിക്കുകയായിരുന്നു. വഴിയിൽ വലിയൊരു കരിങ്കൽക്കഷണം കണ്ട് അദ്ദേഹം നിന്നു.

എന്നിട്ട് കരിങ്കൽ കഷണത്തിന്റെ കൂർത്തമുനയിൽ നോക്കി പുഞ്ചിരിച്ചു.തുടർന്ന് പൊട്ടിച്ചിരിക്കുവാൻ തുടങ്ങി.അദ്ദേഹത്തിന്റെ നിൽപ്പും ഭാവവും കണ്ട് വഴിപോക്കരിൽ പലരും അമ്പരന്നു. "പാവം!വയസ്സുകാലത്ത് തലയ്ക്കു നൊസ്സായി.!" പലരും സഹതപിച്ചു. ആ സമയം, അതുവഴി വന്ന ഒരു വൃദ്ധൻ ചോദിച്ചു :"ഇതെന്തു പറ്റി? ഇങ്ങനെ ചിരിക്കാൻ ഇവിടെ എന്തുണ്ടായി?" “അത് കണ്ടില്ലേ?”ഡയോജനിസ് കല്ല് ചൂണ്ടിക്കാണിച്ചു."ഒരു കരിങ്കല്ല്! അതിനെന്താ വിശേഷം?”വൃദ്ധന് കാര്യം മനസ്സിലായില്ല.


“ആ കല്ലിന്റെ കൂർത്തമുന കണ്ടോ?കല്ല് അവിടെ കിടക്കാൻ തുടങ്ങിയിട്ട് നാളു കുറെയായി.ആരും അതെടുത്തു മാറ്റുന്നില്ല!”-ഡയോജനിസ് പറഞ്ഞു."കല്ല് എവിടെ കിടന്നാലെന്ത, നമ്മുടെ തലയിലല്ലല്ലോ?”വൃദ്ധൻ ചോദിച്ചു. 'സുഹൃത്തേ കല്ല് വഴിയോരത്താണ്! കൂർത്തഭാഗത്തിന് മൂർച്ചയുണ്ട്. ഇരുട്ടിൽ കല്ലിൽ തട്ടി എത്രയോ പേരുടെ കാല് മുറിഞ്ഞിട്ടുണ്ടാകും.”-ഡയോജനിസ് ആശങ്കപ്പെട്ടു.
"അതു ശരിയാണ്,” വൃദ്ധൻ സമ്മതിച്ചു. “അങ്ങനെ കല്ല് കൊണ്ടു കാലു മുറിഞ്ഞവർക്കെങ്കിലും അതു മാറ്റിയിടരുതായിരുന്നോ എന്നു ഞാൻ ഓർത്തു പോയി.”ഡയോജനിസ് പറഞ്ഞു.

“തന്റെ കാലു വേദനിച്ചതു പോലെ മറ്റുള്ളവരും അനുഭവിക്കട്ടെ എന്ന് അവർ നിശ്ചയിച്ചിരിക്കും.” വൃദ്ധൻ പറഞ്ഞു.“ആ സ്വാർത്ഥയെപ്പറ്റി ഓർത്താണ് ഞാൻ ചിരിച്ചത്.”ഡയോജനിസ് അറിയിച്ചു. അതു കേട്ടപ്പോൾ വൃദ്ധനും ചിരിവന്നു."നമുക്ക് ഈ കല്ല് മാറ്റിയിടാം.”-ഡയോജനിസ് ക്ഷണിച്ചു.

വൃദ്ധൻ തല കുലുക്കി സമ്മതിച്ചു. അവർ ഇരുവരും ആ കല്ല് മാറ്റിയിട്ടു.

ANN MARIYA JOHNSON

## വീണ്ടും മൗഗ്ലി





ഇന്ത്യൻ കാടുകളിൽ കാട്ടുമൃഗങ്ങളുടെ സംരക്ഷണത്തിൽ

വളർന്ന മൗഗ്ലി എന്ന ബാലന്റെ കഥയാണ് ജംഗിൾ ബുക്ക് എന്ന സിനിമ പറയുന്നത്. ഈ ചിത്രത്തെ ആധാരമാക്കിയാണ് ആൻഡി സെർകിസാനണ് മൗഗ്ലി എന്ന ചിത്രം പുറത്തിറക്കിയത്. റോഹൻ ചന്ദാണ് മൗഗ്ലിയായി അഭിനയിക്കുന്നത്. മനുഷ്യരേക്കാൾ മൃഗസഹജമായ കഴിവുകൾ സ്വന്തമാക്കിയ മൗഗ്ലി തന്റെ കൂട്ടുകാരെ പല വിപത്തുകളിൽനിന്നു സംരക്ഷിക്കുന്നു. ബഗീര എന്ന പുള്ളിപുലിയും ബാലു എന്ന കരടിയും മൗഗ്ലിയുടെ സംരക്ഷകരാണ്.

ദുഷ്ടനായ കടുവ മൗഗ്ലിയെ ഉപദ്രവിക്കാൻ തക്കംപാർത്തു നടക്കുന്നു എന്നതാണ് കഥയിലെ പ്രധാനസംഭവം............

അപർണ എ.ബി

## വള്ളത്തോൾ കവിതകൾ



"ലോകമേതറവാട് തനിക്കി
പുൽകളും പുഴുക്കളും കൂടിതൻ കുടുംബക്കാർ"

എൻ ഗുരുനാഥൻ

" വാനക്കാർക്കിഷ്ടമെങ്കിൽ സങ്കൽപ്പ
വായുവിമാനത്തിലേറിയാലും

പ്രീതരായ് സഞ്ചാരം ചെയ്യാം നമുക്കൽപ്പം
ഭൂതകാലാകാശവീഥീയീങ്കൽ "

കിളിക്കൊഞ്ചൽ

"പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്ന രണ്ടുപേർ

പടയാളികൾ

## പ്രകൃതി.......

ശ്യാമസുന്ദരമാണീ പ്രകൃതി..
പ്രകൃതിതൻ ചുണ്ടിൽ ഒരായിരം വർണങ്ങളല്ലോ...
മരതകകാന്തിയിൽ മുങ്ങിനിൽക്കും പുൽമേടുകൾ..
എവിടെ തിരിഞ്ഞൊന്നു നോക്കിയാലും
തളിരെല്ലാം പൂത്തമരങ്ങൾ മാത്രം..
വർണശഭളമാം പൂമ്പാറ്റകൾ പാറിക്കളിക്കുമീ
ഭൂമിതൻ സൗന്ദര്യമല്ലോ ..
എത്രതൻ മനോഹാരിത നീണ്ടുനിൽക്കും
സ്വർഗ്ഗഭൂമി...



അലിഫ്ന,അഫ്സ്ന,അമീന
-കവിത

## സഹായം

ഹരിയാനയിലെ ഒരു ഗ്രാമത്തിൽ കർഷകനായ ഒരു ജാട്ട് ഉണ്ടായിരുന്നു. അയാൾ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. ആ നാട്ടിൽ പെട്ടെന്ന് യുദ്ധം പൊട്ടിപുറപ്പെട്ടു.യുദ്ധത്തിനിറങ്ങിയ രാജാവ് ശത്രുക്കളാൽ ചുറ്റപ്പെട്ടു.ഒരു വിധം, മുറിവുകളോടെ
രക്ഷപ്പെട്ട രാജാവ് ജാട്ടിന്റെ വീട്ടീൽ അഭയം തേടി
ജാട്ട്, രാജാവിനെ വേണ്ട വിധം ശുശ്രൂഷിച്ചു.
ആരോഗ്യം വീണ്ടെടുത്ത രാജാവ് വീണ്ടും
യുദ്ധംചെയ്ത് ശത്രുക്കളെ തുരത്തിയോടിച്ചു. രാജ്യം തിരിച്ചു പിടിച്ച ഉടനെ രാജാവ് ജാട്ടിനെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു "താങ്കൾക്ക് എപ്പോൾ വേണമെങ്കിലും എന്നെ വന്നുകാണാം.
എന്തുസഹായവും ചോദിക്കാം", രാജാവ് ജാട്ടിനെ ആലിംഗനം ചെയ്തുകൊണ്ടുപറഞ്ഞു.ജാട്ടിനു സന്തോഷമായി.അയാൾ പറഞ്ഞു; "അങ്ങയുടെ ഔദാര്യത്തിനു നന്ദി. ഞാൻ എന്റെ കടമ മാത്രമാണു ചെയ്തത്.എങ്കിലും അങ്ങയുടെ സഹായം വേണ്ട സമയത്ത് തീർച്ചയായും ഞാൻ

ചോദിക്കാം."ഈ സംഭവത്തിനു ശേഷം ജാട്ടിന്റെ
ജനപ്രിതീ ഒന്നുകൂടി വർദ്ധിച്ചു.ഏതു കാര്യത്തിനും ആളുകൾ അയാളുടെ ഉപദേശം,തേടുക പതിവായി.
അങ്ങനെയിരിക്കെ, ആ നാട്ടിൽ വലിയൊരു വരൾച്ചയുണ്ടായി. മഴ കിട്ടാതെകൃഷിയിടങ്ങൾ
ഉണങ്ങിവരണ്ടു.നീരൊഴുക്കുകൾ വറ്റി. ഗ്രാമീണർജാട്ടിനെ സമീപിച്ചു പറഞ്ഞു;"നോക്കൂ,
നമ്മുടെ അവസ്ഥ എത്ര മോശമാണ് .അങ്ങ്
എന്തെങ്കിലും ചെയ്യണം.നമ്മുടെ അവസ്ഥ വളരെ ദയനീയമാണ്.എല്ലാവരും ഒരു തീരുമാനം
എടുത്തു. ഗ്രാമീണർ ജോത്സ്യനെ കാണാനായ്
അടുത്തുള്ള രാജ്യത്തേക്ക് യാത്ര പുറപ്പെട്ടു. അങ്ങനെ അവർ ജോത്സ്യനെ കണ്ടു.അദ്ദേഹം ഉപദേശം നൽകി.
" ആ രാജ്യത്ത് നല്ല കാർഷകൻ ഒരു വൃക്ഷം നടുക" അപ്പോൾ നിങ്ങളുടെ ആഗ്രഹം സഫലമാകും അങ്ങനെ അവർ
അതുപോലെ ചെയ്തു .  അവിടെ മഴ പെയ്തു അവരുടെ ആഗ്രഹം  സഫലമായി.

Archana prasannan 9B

## കാലത്തിന്റെ സമ്മാനം

കാലമാണു നെയ്തു വച്ചതിവിടെ
യിന്നു പന്തലായ് പടർന്നിടുന്ന
ചന്തമുള്ള മുല്ലവള്ളികൾ.
കാലമാണുവിണ്ടലത്തിലെങ്ങുമേ
കൊളുത്തിവച്ചതീ നിരന്നു
കത്തിടുന്ന പൊൻവിളക്കുകൾ.
കാലമാണു തന്നതെൻെറ തീക്കടുകൾ
നഗരമായ്, ശില് പമായ്, ഉത്സവമായ്.
ഇവിടെ നാമറിഞ്ഞിടും നറുതുടിപ്പുകൾ!

## അമ്പാടിയിലേക്ക്

മായംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ
നിന്നുവിളങ്ങിന നന്ദകുമാരനെ
ച്ചെന്നങ്ങു കാണ്മതിനായിച്ചെമ്മേ
അക്രൂരമായൊരു മാനസംപൂണ്ടുള്ള
രക്രൂരനാകിന യാദവന്താൻ
ചെൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ
ദിക്കിനെ നോക്കി നടന്നപ്പോൾ.
പോകുന്നനേരത്തു തന്നിലെ തണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി:
കണ്ണനെകാണ്മതിനായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ.
ആയർകോൻതന്നുടെ കാന്തിയായുള്ളൊരു

പീയൂഷവാരിതൻ പൂരംതന്നെ.
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളുർപ്പിച്ചു നിൽപ്പനെ ഞാൻ
കാർവർണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദൂനനായി നിന്നൊരു ഞാനായ പൂവിൽനി
ന്നാനന്ദമാടിക്കളിക്കുമോ താൻ ?
കണ്ണന്റെ തൂമൊഴിയായൊരു തേൻകൊണ്ടെൻ
കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക-
ണ്ടാമോദം പൂണ്ടങ്ങു നിൽപ്പനോ ഞാൻ?
ഉല്ലസിച്ചാനന്ദമായൊരു തേനംപൂ-
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നെന്നതാവൂ.
കണ്ടൊരു നേരത്തു കാർമുകിലിനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ .
ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ
ചൊവ്വോടു മൗലിയിൽ ചേർത്ത്ചുതാവു.

കൃഷ്ണഗാഥ (ചെറുശ്ശേരി)

# അമ്മ

ദൈവം ആരാണെന്ന് എനിക്ക് പറഞ്ഞു തന്ന അമ്മ.
എന്നെ വഴി നടത്തിയ അമ്മ.
എൻ പരാജയങ്ങളിൽ തളരാതെ
പിടിച്ചു നിർത്തിയ എൻ അമ്മ.
അമ്മ എന്ന രണ്ടക്ഷരങ്ങളിൽ
സ്നേഹം നിറഞ്ഞുനിൽക്കുന്നു.
ശാസിക്കാനും ശിക്ഷിക്കാനും അധികാരമുള്ള എൻ അമ്മ.തൻ കരുതൽ എല്ലായിടത്തും നല്കാൻ വേണ്ടി
ദൈവം അമ്മയെ നല്കി.
ദൈവം എനിക്കു തന്ന വിലയേറിയ സമ്മാനമാണ് എൻ അമ്മ.
അമ്മയില്ലാത്ത ജീവിതം എനിക്കില്ല.അമ്മയുടെ സ്നേഹമാണ് എൻ ജീവിതം.
എന്തു ഞാൻ പകരം നൽകും എൻ അമ്മയ്ക്ക് ?
ഈ ജന്മം മുഴുവൻ ഞാൻ എൻ അമ്മയ്ക്കായ് ജീവിക്കും.
എൻ ജീവൻ എൻ അമ്മയ്ക്കായ് നൽകും.അമ്മയില്ലാത്ത ജീവിതം
ശൂന്യമാണ്. അമ്മേ എന്ന വിളി
കേൾക്കാൻ ആരുമില്ലാത്ത അവസ്ഥയാണ് മനുഷ്യജീവിത്തിലെ ദയനീയാവസ്ഥ.
എന്തു ഞാൻ പകരം നൽകും എൻ അമ്മയ്ക്കായ് ?
എൻ ജീവിതം തന്നെ എനിക്ക്

നൽകാനുള്ള.
എൻ ദുഃഖങ്ങളിൽ എന്നും കൂട്ടായി നിൽക്കുന്ന എൻ അമ്മ.
അമ്മ എന്ന വാക്കിൽ മാനവികതയുടെ മഹത്വം നിറഞ്ഞു നിൽക്കുന്നു.

# സ്വർണമീനും കാക്കയും

ഒരു കുളത്തിൽ ഒരു സ്വർണമീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു അവൻ.

“അയ്യയ്യേ! നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല.എന്നാൽ എന്നെ നോക്ക്, എന്തുഭംഗിയാണെനിക്ക്"!,സ്വർണമീൻ എപ്പോഴും മറ്റുമീനുകളെ കളിയാക്കും.

അങ്ങനെയിരിക്കെ ഒരു കാക്കചേട്ടൻ അതുവഴി വന്നു.കുളത്തിൽ എന്തോ സ്വർണനിറത്തിൽ വെട്ടിത്തിളങ്ങുന്നത് കാക്കചേട്ടന്റെ കണ്ണിൽപ്പെട്ടു.

“ഹയ്യടാ, അതൊരു സ്വർണമീനാണല്ലോ!”,കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു.കാക്കചേട്ടൻ വേഗം സ്വർണമീനിനെ ഒറ്റ കൊത്ത്! ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു കുഞ്ഞിചിറകിനു മാത്രമേ കൊത്തുകൊണ്ടുള്ളൂ.എതായാലും സ്വർണമീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണനിറം ഉള്ളതുകൊണ്ടാണ് കാക്കചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണമീനിന് മനസ്സിലായി.അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു.
നല്ലൊരു കുഞ്ഞു മീനായി അവൻ കുളത്തിൽ കഴിഞ്ഞു കൂടി.

ഗുണപാഠം:നമ്മുടെ അഹങ്കാരം നമുക്ക് ആപത്തുണ്ടാക്കും........

## രാജാവും കള്ളനും

സിംഹാസനത്തിൽ ഇരിക്കുമ്പോഴും രാജാവ് കൂടെക്കൂടെ ഇടത്തോട്ട് നോക്കും.അത് ഒരു ഗോഷ്ടിയാണന്നാണ് എല്ലവരും വിചാരിക്കുന്നത്.ചിലപ്പോൾ പ്രജകൾ വന്ന് സങ്കടം പറയും.രാജാവ് 'ഉം' 'ഉം' എന്നു മൂളിക്കൊണ്ടിരിക്കും.കണ്ണുകളുടെ പോക്ക് ഇടത്തോട്ടാണ്.അതിന് കാരണം ഉണ്ടായിരുന്നു.ഒരു മന്ത്രിക്കു മാത്രം അറിയാം.അവിടെ ഒരു കല്ലറയുണ്ട്.കല്ലറയിൽ നിധിയിരുപ്പുണ്ട്.

മിനുങ്ങുന്ന പവൻ കുന്നുപോലെ കൂടിക്കിടപ്പുണ്ട്.വൈരക്കല്ലുകൾ ചാക്കുചാക്കായി ഇരുപ്പുണ്ട്.ആഭരണങ്ങൾക്ക് എണ്ണമില്ല.പതക്കങ്ങളും മാലകളും അനേകം കല്ലുവെച്ച മോതിരങ്ങൾ ഒരു നൂറായിരം. ഇരുട്ടറയെന്നു പറഞ്ഞു കൂടാ.
വൈരങ്ങളുടെ വെളിച്ചം കൊണ്ട് പകൽപോലെ തന്നെ.

രാജാവ് മൂങ്ങയെപ്പോലെ ആയിരുന്നു. പകലൊക്കെ ഉറക്കം തൂങ്ങും.രാത്രിയാണ് ജോലിമുഴുവനും.വേറൊന്നുമല്ല.അർധരാത്രിയായാൽ കിഴവൻ കിടക്കയിൽനിന്ന് എണീക്കും.പതുക്കെ കല്ലറയിലേക്ക് പോകും.കല്ലറ ഉറന്ന് അകത്തുകയറി കതകടക്കും.എന്തൊരു ആനന്ദമാണെന്നോ

അദ്ദേഹത്തിന്.

അപ്പോൾ? അദ്ദേഹം പവൻമാല എടുത്ത് ഉമ്മ വെക്കും.സ്വർണത്തിലും രത്നത്തിലും കിടന്നുരുളും.പിശുക്കൻ രാജാവിനു മക്കളെക്കൾ ഇഷ്ടമാണ് പണം.

അദ്ദേഹം കളിക്കും ചിരിക്കും പക്ഷേ,പണവുമായിട്ടു മാത്രം.എത്രയായാലും മതിയാവുകയില്ല.ഈ രഹസ്യം ഒരു മന്ത്രിക്കു അറിയാമെന്നു പറഞ്ഞല്ലോ:മന്ത്രിക്കു

മാത്രമല്ല, കല്ലറ കെട്ടിയ കൊത്തനും അറിയാം. ഒരു വിദ്യ കൊത്തനും അറിയാം. പുറത്തുനിന്നു നോക്കിയാൽ ചുവരെ കാണൂ. ഒരു സ്ഥലത്ത് വിരൽ അമർത്തിയാൽ മതി. 'ഠപ്പ്'! എന്നു ചുവര് മാറും . പിന്നെ കാണുന്നത് കല്ലറയാണ്


അത് രാജാവിനും കൊത്തനും മാത്രമെ അറിയൂ .കൊത്തൻ അവിടുന്ന് കുറെ പണം എടുത്തിട്ടുണ്ട്. അത് അയാൾ മക്കളോട് പറഞ്ഞുകൊടുത്തു.എന്നിട്ട് അയാൾ മരിക്കുകയും ചെയ്തു.

## അറിയാം , നിയോഗം

യാന്ത്രികമായ യാത്രകൾ ഒരിക്കലും അനുഭവങ്ങൾ സമ്മാനിക്കില്ല . യന്ത്രങ്ങൾക്ക് സ്വന്തമായ ആഗ്രഹങ്ങളോ നടപ്പുവഴികളോ ഇല്ല . നിർമ്മിച്ച ആളുടെ നിബന്ധനകൾക്കും നിയോഗങ്ങൾക്കും വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തകനമാണിത് . നിയോഗങ്ങളില്ലാത്തവർക്കു നിയതമായ വഴികളുണ്ടാകില്ല . സ്വന്തമായ അഭിലാഷങ്ങളോ ആവശ്യങ്ങളോ ഇല്ലാത്തവർക്ക് എന്തുകാര്യമാണ് ആത്മർഥതയോടെ ചെയ്യാനാവുക ?


അന്യനുവേണ്ടി ജീവിക്കുന്നതില് മാത്രം ആത്മസംതൃപ്തി കണ്ടെത്തുന്നവർ അപൂർവ്വമായിരിക്കും . അവരുടെ ജീവിത ദൗത്യവും അതായിരിക്കും . അപരസേവ ആത്മസേവ എന്നത് എല്ലാവർക്കും ജീവിതനിയോഗമാകില്ല .

Sreelakshmi Pradeep



H S Palampra


AL SHIFA




RINU MOL JOSEPH



## നന്ദിയോടെ......

2018 ജൂലൈ 4 ന് പ്രവർത്തനമാരംഭിച്ച ഐ.ടി കൂട്ടായ്മ ഇന്ന് സ്വയം നിർമ്മിച്ച ഡിജിറ്റൽ മാഗസ്സിൻ പ്രദർശിപ്പിക്കുന്ന വേളയിൽ, ഒഴിവുസമയങ്ങളിലെല്ലാം ഡിജിറ്റൽ മാഗസിനായി അദ്ധ്വാനിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, പരിശീലന മൊഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങളിലൊതുങ്ങാതെ നൂതന സാങ്കേതിക വിദ്യാലോകത്ത് ഞങ്ങളെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ സർഗ്ഗാത്മകമാക്കി തീർക്കാൻ അവസരം നൽകിയ പ്രിയപ്പെട്ട ഹെഡ് മാസ്റ്റർ ഫാ.സെബാസ്റ്റൻ മംഗലം സി.എം.ഐ.ക്കും, തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി ഞങ്ങളോടൊത്ത് ആത്മാർത്ഥമായി പ്രവർത്തിച്ച ഞങ്ങളുടെ റീനാ സിസ്റ്ററിനും, മെറീനാ ടീച്ചറിനും ഈ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിലെ എല്ലാ അംഗങ്ങളുടെയും പേരിൽ നന്ദി.........

ശ്രീലക്ഷ്മി പ്രദീപ് (ലീഡർ)

ജിനോ ജിജി (ഡെപ്യൂട്ടി ലീഡർ)